**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 83** **12-06-2024 - ൽ മറുപടിയ്ക്ക്**

**മഴവെള്ള സംഭരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീമതി കെ. കെ. ശൈലജ ടീച്ചർ , ശ്രീ. പി. മമ്മിക്കുട്ടി, ശ്രീ എം മുകേഷ് , ശ്രീ. ഐ. ബി. സതീഷ്** | | **ശ്രീ. റോഷി അഗസ്റ്റിൻ (ജലവിഭവ വകുപ്പ് മന്ത്രി)** | |
| (എ) | വെള്ളപ്പൊക്കവും മഴക്കെടുതിയും ആവർത്തിച്ചുണ്ടാകുന്ന സാഹചര്യത്തിൽ ഡാമുകളുടെ സംഭരണശേഷി വർദ്ധിപ്പിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ; | (എ) | മലമ്പുഴ, മംഗലം, പോത്തുണ്ടി, മീങ്കര, ചുള്ളിയാർ, വാളയാർ, കാഞ്ഞിരപ്പുഴ, കുറ്റ്യാടി, കാരാപ്പുഴ, പഴശ്ശി എന്നീ ജലസേചന പദ്ധതികളുടെ ഡാമുകളിൽ വിവിധ വർഷങ്ങളിലായി Kerala Engineering Research Institute, (KERI) പീച്ചി പരിശോധന നടത്തുകയും പ്രസ്തുത ഡാമുകളിൽ അടിഞ്ഞിട്ടുള്ള മണലും ചെളിയും നീക്കം ചെയ്ത് ഡാമുകളുടെ സംഭരണശേഷി വർദ്ധിപ്പിക്കുന്നതിന് കാര്യക്ഷമമായ നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്.<br><br>നെയ്യാർ, വാഴാനി, ചിമ്മിനി, കല്ലട, മലങ്കര എന്നീ ഡാമുകളും ഭൂതത്താൻകെട്ട്, മണിയാർ എന്നീ ബാരേജുകളിലും കാലവർഷം ആരംഭിക്കുന്നതിനു മുൻപ് ജലനിരപ്പ് കുറച്ച് മഴക്കെടുതികളും വെള്ളപ്പൊക്കവും നിയന്ത്രിക്കുന്നതിന് വിവിധ നടപടികൾ സ്വീകരിക്കാറുണ്ട്. ഈ ഡാമുകളിൽ അടിഞ്ഞുകൂടിയിട്ടുള്ള എക്കലും ചെളിയും നീക്കം ചെയ്ത് ഡാമുകളുടെ സംഭരണശേഷി വർദ്ധിപ്പിക്കുന്നതിനുള്ള നടപടികൾ വിവിധ ഘട്ടങ്ങളിലാണ്.<br><br>വാഴാനി ഡാമിൽ നടന്ന പഠനത്തിൽ റിസർവ്വോയറിലെ സംഭരണശേഷി 1.231 $MM^3$ കൂടിയതായി കണ്ടെത്തിയിട്ടുണ്ട്. 2018-ലെ പ്രളയത്തിലെ ശക്തമായ ഒഴുക്കിൽ ചെളി ഒഴുകിപ്പോയതാണ് കാരണമെന്ന് റിപ്പോർട്ട് ചെയ്തിട്ടുണ്ട്.<br><br>നെയ്യാർ ഡാമിൽ സംഭരണശേഷി വർദ്ധിപ്പിക്കുന്നതിനും വെള്ളപ്പൊക്കസാധ്യത കുറയ്ക്കുന്നതിനുമുള്ള ഡീസിൽറ്റേഷൻ പ്രവൃത്തികൾ നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |

| | | | |
|---|---|---|---|
| | | | അരുവിക്കര ഡാം ഡീസിൽറ്റേഷൻ പദ്ധതിയുമായി ബന്ധപ്പെട്ട സർവ്വേ പ്രവൃത്തികൾ പൂർത്തീകരിച്ച് റീടെണ്ടർ ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |
| (ബി) | മഴവെള്ളം കഴിയാവുന്നത്ര സ്ഥലങ്ങളിൽ സംഭരിക്കുന്നതിന് ആവശ്യമായ മുന്നൊരുക്കങ്ങൾ നടത്തിയിട്ടുണ്ടോ; ഇതിനായി പ്രത്യേക പദ്ധതികൾ നിലവിലുണ്ടോ; വിശദമാക്കാമോ; | (ബി) | ഉണ്ട്. കാലാകാലങ്ങളായി പുഴകളിൽ അടിഞ്ഞുകൂടിയ ചെളിയും മാലിന്യങ്ങളും നീക്കി പുഴയിലെ നീരൊഴുക്ക് സുഗമമാക്കാനും പുഴയുടെ വാഹകശേഷി പുന:സ്ഥാപിക്കാനും അതുവഴി അധിക മഴവെള്ളം ഉൾകൊള്ളുവാനുമുള്ള പ്രവൃത്തികൾ ജലസേചന വകുപ്പിന്റെ നേതൃത്വത്തിൽ സംസ്ഥാനമൊട്ടാകെ നടത്തി വരുന്നുണ്ട്. ഇത് കൂടാതെ വർഷകാലാരംഭത്തിന് മുമ്പ് തന്നെ നദികളുടെയും തോടുകളുടെയും ഒഴുക്ക് തടയുന്ന തരത്തിലുള്ള മരച്ചില്ലകളും ചപ്പുചവറുകളും മാലിന്യങ്ങളും മറ്റും മഴക്കാല പൂർവ്വ ശുചീകരണ പദ്ധതിയിൽ ഉൾപ്പെടുത്തി നീക്കം ചെയ്യുകയും ഇതുവഴി അധിക ജലം ഉൾകൊള്ളാനും ഒഴുക്ക് സുഗമമാക്കാനുമുള്ള പ്രവർത്തനങ്ങൾ ജലസേചന വകുപ്പ് മുഖേന നടപ്പിലാക്കി വരുന്നു. ജലസേചന നിർമ്മിതികളായ ഡാമുകൾ/ തടയണകൾ/ റെഗുലേറ്ററുകൾ എന്നിവയ്ക്ക് സമീപം അടിഞ്ഞുകൂടിയ ചെളി/എക്കൽ/മണൽ/ മറ്റു മാലിന്യങ്ങൾ എന്നിവ നീക്കം ചെയ്യുന്നത് വഴിയും ഭൂജലപോഷണം സാധ്യമാകുന്നു. ഇതിനായുള്ള പ്രവർത്തനങ്ങൾ ജില്ലാ എക്സിക്യൂട്ടീവ് എഞ്ചിനീയർമാർ മുഖേന നടപ്പിലാക്കി വരുന്നു. |
| (സി) | കുളങ്ങളും ജലസ്രോതസ്സുകളും മലിനമാകാതിരിക്കുന്നതിന് മറ്റു വകുപ്പുകളുമായി യോജിച്ച് പദ്ധതികളും പ്രവർത്തനങ്ങളും ആസൂത്രണം ചെയ്തിട്ടുണ്ടോ; വിശദാംശം അറിയിക്കാമോ? | (സി) | സംസ്ഥാനത്തെ പുഴകളും നദികളും പൊതുവിൽ വിവിധ തരത്തിലുള്ള മാലിന്യപ്രശ്നങ്ങൾ നേരിടുന്നു എന്നത് ഉൾക്കൊണ്ടുകൊണ്ട് അവ മാലിന്യമുക്ത മാക്കുന്നതിനും ഒഴുക്ക് സുഗമമാക്കുന്നതിനും വിവിധ തലങ്ങളിലുള്ള ഇടപെടലുകളാണ് നടത്തി വരുന്നത്. ഇതുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന പ്രധാന ഏജൻസികൾ - ജലസേചനവകുപ്പ്, തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾ, സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ്, മഹാത്മാഗാന്ധി ദേശീയ തൊഴിലുറപ്പ് പദ്ധതി തുടങ്ങിയവയാണ്. നദികളിൽ അടിഞ്ഞു കൂടിയ ചെളിയും എക്കലും മറ്റ് മാലിന്യങ്ങളും നീക്കം ചെയ്യുന്നതിനായി തൊഴിലുറപ്പ് പദ്ധതിയുടെ സഹകരണത്തോടെയും ജലസേചന വകുപ്പിന്റെ ബജറ്റ് വിഹിതം ഉപയോഗിച്ചും പ്രവർത്തികൾ നടപ്പാക്കി വരുന്നു.<br><br>"മാലിന്യ രൂക്ഷതാ ലഘൂകരണം" ലക്ഷ്യമിട്ട് നദികളിലെ ജലലഭ്യത വർദ്ധിപ്പിച്ച് സ്ഥായിയായി നിലനിർത്തുന്നതിനുള്ള പ്രവർത്തനത്തിന്റെ ഭാഗമായി തടയണകൾ/റെഗുലേറ്ററുകൾ എന്നിവ നിർമ്മിച്ച് |

| | | | |
|---|---|---|---|
| | | | വേനൽക്കാലത്തും നീരൊഴുക്ക് നിലനിർത്തുന്നതിനുള്ള പ്രവർത്തനങ്ങൾ ജലസേചനവകുപ്പ് മുഖേന നിർവ്വഹിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ